പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –3263 21.12.2012- ൽ മറുപടിക്ക്

## സൗദി അറേബ്യയിൽ ജയിൽശിക്ഷ അനുഭവിക്കുന്ന വിനീഷിന്റെ മോചനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സൗദി അറേബ്യയിൽ വച്ചുണ്ടായ വാഹനാപകടത്തെ തുടർന്ന് പ്രതിയായി ജയിൽശിക്ഷ അനുഭവിക്കുന്ന ശ്രീ. വിനീഷ്, എൻ . പി., നിരപ്പത്ത് വീട്, കുളമാവ് പി.ഒ., ഇടുക്കി ജില്ല എന്നയാളുടെ മോചനം സംബന്ധിച്ച് നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നിർദ്ധന കുടുംബാംഗമായ ശ്രീ. വിനീഷിന്റെ മോചനം സാധ്യമാകുന്നതിന് എന്തെല്ലാം നടപടികൾ ഇതിനോടകം കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ? | (ബി) സ്പോൺസറുടെ നിർബന്ധം പ്രകാരം നിയമവിരുദ്ധമായും ജോലി ഉടമ്പടിക്കെതിരായും ജെ.സി.ബി. ഓടിക്കേണ്ടിവന്ന് അപകടത്തിൽപ്പെട്ട് ഒരു തദ്ദേശി മരണപ്പെട്ട കാരണത്താൽ സൗദി അറേബ്യയിൽ ജയിൽശിക്ഷ അനുഭവിക്കുന്ന ശ്രീ. വിനീഷിന്റെ മോചനത്തിനായുള്ള നിവേദനം 22/06/2012 – ലാണ് ഈ വകുപ്പിന് ലഭിക്കുന്നത്. ഈ കേസിൽ അടിയന്തിരപ്രധാന്യം നൽകി കേസിന്റെ പ്രസക്ത ഭാഗങ്ങളും ടിയാന്റെ നിരപരാധിത്വവും ചൂണ്ടിക്കാണിച്ചുകൊണ്ട് 23/06/2012 ൽ തന്നെ സൗദി അറേബ്യയിലെ ഇന്ത്യൻ നയതന്ത്രകാര്യാലയത്തിന് സന്ദേശം നൽകി. 18/09/2012 – ലെ സന്ദേശത്തിലൂടെ ഈ കേസിന്റെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷിക്കാനും ആവശ്യമെങ്കിൽ അപ്പീൽ ഫയൽ ചെയ്യാനും അഭ്യർത്ഥിച്ചിരുന്നു. ഈ കേസിന് അതീവ ശ്രദ്ധ നൽകികൊണ്ട് 07/11/2012 ൽ വീണ്ടും സർക്കാരിൽ നിന്നും അടിയന്തിര സന്ദേശം അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ